## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5346** — **25/10/2011 -ൽ മറുപടിക്ക്**

**സ്കൂൾ സമയ മാറ്റം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ലതിക | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളുടെ അംഗീകരിച്ച സമയക്രമം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ എന്നിവയിൽ ഗ്രാമപ്രദേശങ്ങളിൽ 10 മണി മുതൽ 4 മണിവരെയും, പട്ടണങ്ങളിൽ 9.30 മുതൽ 3.30 വരെയും, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിഭാഗം ഒഴികെ ഉള്ളവയ്ക്ക് 9.30 മുതൽ 3.30 വരെയും ഹയർ സെക്കന്ററി വിഭാഗത്തിന് 9.30 മുതൽ 4.15 വരെയും, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിന് 8.30 മുതൽ 4.30 വരെയുമാണ് സമയം നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) സ്കൂൾ കലണ്ടറുകൾ മാറ്റുന്ന അതേ വ്യവസ്ഥ പാലിച്ചുകൊണ്ട് സ്കൂളുകളുടെ സമയക്രമം മാറ്റുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ ; | (ബി) സമയക്രമം മാറ്റുന്നതിന് വിശദമായ പഠനവും ചർച്ചയും ആവശ്യമായതിനാൽ ഉടനെ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല. |
| (സി) സർക്കാർ ഓഫീസുകളുടെ സമയത്തിനനുസൃതമായി സ്കൂൾ സമയം ക്രമപ്പെടുത്തിയാൽ നഗരങ്ങളിലെ അനിയന്ത്രിതമായ വാഹനത്തിരക്ക് രാവിലെയും വൈകുന്നേരവും ഒഴിവാക്കുവാൻ കഴിയുമെന്നതിനെക്കുറിച്ച് പഠിക്കുവാൻ നടപടികൾ സ്വീകരിയ്ക്കുമോ ? | (സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ